Kerala Gazette No. 14 dated 6th April 2021.

**PART I** **Section iii**

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

## വിജ്ഞാപനം

നമ്പർ 21498/ലെഗ്.ബി1/2018/നിയമം. തിരുവനന്തപുരം, 2019 മാർച്ച് 1 / 1194 കുംഭം 17 / 1940 ഫാൽഗുനം 10.

2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

**2019-ലെ 14-ാം നമ്പർ ഓർഡിനൻസ്**

## 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 54) 2018 ഒക്ടോബർ 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2018 നവംബർ 27-ാം തീയതി ആരംഭിച്ച് 2018 ഡിസംബർ 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 168-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2019-ലെ 4) 2019 ജനുവരി 7-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിന് ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2019 മാർച്ച് 8-ാം തീയതി പ്രാബല്യമില്ലാതായി തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

**1.** ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

**2.** 1951-ലെ XIX-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.— ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിന് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതിക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**3.** 7 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അങ്ങനെയുള്ള ഒരംഗത്തിന്, തുടർച്ചയായി രണ്ടു കാലയളവുകളിലേക്ക് മാത്രമേ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിനോ അർഹതയുണ്ടായിരിക്കുകയുള്ളൂ".

**4.** റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2019-ലെ 4) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

കെ. എ. ശ്രീലത,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.